published on 16.11.15

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 369

# 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 369

# 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ

1053/2015.

# 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ

## ഹർത്താൽ നടത്തുന്നത് നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—ഹർത്താൽ നടത്തുന്നത് നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ഹർത്താൽ" എന്നാൽ ഹർത്താൽ സംഘടിപ്പിക്കുന്നവർ ഉന്നയിക്കുന്ന ഒരു കാരണമോ ഒരു പ്രചാരണ പ്രവർത്തനമോ ഉയർത്തിക്കൊണ്ടുവരുന്നതിനായി പൊതുജന സമ്മർദ്ദം, സാമൂഹിക സംക്ഷോഭം, സാമ്പത്തിക ഭീഷണി, അക്രമം ഉണ്ടാകാമെന്ന ആശങ്ക എന്നിവ സൃഷ്ടിക്കുന്നതിനുവേണ്ടി, മറ്റേതെങ്കിലും ആളുടെയോ സംഘടനയുടെയോ പ്രേരണമൂലം ഏതു വിധത്തിലുള്ള പ്രവർത്തനങ്ങളും അല്ലെങ്കിൽ വ്യാപാരമോ തൊഴിലോ സേവനമോ നിർത്തിവയ്ക്കൽ എന്നർത്ഥമാകുന്നു:

എന്നാൽ, ഈ ആക്റ്റ് പ്രകാരമുള്ള 'ഹർത്താൽ' എന്നതിൽ ജീവനക്കാരുടെ സമരമോ 1947-ലെ വ്യവസായിക തർക്കങ്ങൾ ആക്റ്റിലെയോ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) 1926-ലെ ട്രേഡ് യൂണിയൻ ആക്റ്റിലെയോ (1926-ലെ 16-ാം കേന്ദ്ര ആക്റ്റ്) ട്രേഡ് യൂണിയൻ പ്രവർത്തനത്തെയും തൊഴിലാളികളുടെ അവകാശങ്ങളെയും

നിയന്ത്രിക്കുന്ന മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾ മറ്റ് വിധത്തിൽ പാലിക്കുന്ന ഏതെങ്കിലും ട്രേഡ് യൂണിയനോ തൊഴിലധിഷ്ഠിത നികായമോ സംഘടിപ്പിക്കുന്ന ഒരു സമരമോ ഉൾപ്പെടുന്നതല്ല.

(ബി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

3. ഹർത്താലുകളുടെ നിയന്ത്രണം.—(1) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അന്നുമുതൽക്കും ഈ ആക്റ്റ് പ്രകാരം അനുവദനീയമായ രീതിയിലല്ലാതെ യാതൊരാൾക്കോ സംഘത്തിനോ സംഘടനയ്ക്കോ ഏതെങ്കിലും ഹർത്താൽ ആഹ്വാനം ചെയ്യുവാനോ നടത്തുവാനോ ഉള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

(2) യാതൊരാളും, ഏതൊരു കാരണത്തിനായിരുന്നാലും, നിർദ്ദിഷ്ട ഹർത്താൽ മുഖേന ബാധിക്കപ്പെടാൻ സാധ്യതയുള്ള പൊതുനികായങ്ങളുടെ ന്യായമായ അറിവിലേക്കായി മാധ്യമങ്ങൾ മുഖേനയുള്ള മൂന്ന് ദിവസത്തെ പൊതു അറിയിപ്പ് കൂടാതെ ഒരു ഹർത്താൽ സംഘടിപ്പിക്കുകയോ നടത്തുവാൻ പ്രേരിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(3) ഹർത്താൽ സംഘടിപ്പിക്കുന്നവർ, ജീവനും സ്വത്തിനും ഉണ്ടാകാവുന്ന വിനാശത്തിനോ നാശനഷ്ടത്തിനോ ഉള്ള നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി, നിർണ്ണയിക്കപ്പെടാവുന്ന ഒരു തുക അങ്ങനെയുള്ള രീതിയിൽ ഈടായി നിക്ഷേപിക്കേണ്ടതാണ്.

4. ഹർത്താൽ നടത്തുന്നതിനുള്ള ഉപാധികൾ.—(1) യാതൊരാളോ സംഘടനയോ മറ്റ് നികായമോ നേരിട്ടോ മറ്റേതെങ്കിലും ആളോ നികായമോ വഴിയോ,—

(എ) ബലം ഉപയോഗിച്ചോ ശാരീരികമോ മാനസികമോ ആയി ഭീഷണിപ്പെടുത്തിക്കൊണ്ടോ നിർബന്ധിച്ചോ ഒരു ഹർത്താൽ നടപ്പാക്കുകയോ;

(ബി) ബലം ഉപയോഗിച്ചോ ബലം പ്രയോഗിക്കുമെന്ന ഭീഷണിയിലൂടെയോ അല്ലെങ്കിൽ മറ്റൊരാളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ ഏതെങ്കിലും തരത്തിൽ ബാധിക്കുന്നതോ തടസ്സപ്പെടുത്തുന്നതോ ആയ മറ്റ് മാർഗ്ഗേനയോ ഏതെങ്കിലും ആളിന്റെയോ ഏജൻസിയുടേയോ വ്യാപാരത്തിന്റെയോ സഹായ ഘടകത്തിന്റെയോ പ്രവർത്തനത്തെ നിർത്തലാക്കുകയോ നിയന്ത്രിക്കുകയോ മറ്റ് വിധത്തിൽ കൈകാര്യം ചെയ്യുകയോ;

(സി) ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളോ ധർമ്മസ്ഥാപനങ്ങളോ ഉൾപ്പെടെയുള്ള ഏതെങ്കിലും പൊതുസ്ഥാപനത്തിന്റെയോ ഏതെങ്കിലും സംഘടനകളുടെയോ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയോ അങ്ങനെയുള്ള മറ്റ് കേന്ദ്രങ്ങളുടേയോ പ്രയോജനകരമായ സേവനത്തെയോ സാധാരണ പ്രവർത്തനത്തെയോ മുടക്കുകയോ തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ മുടക്കുവാനോ തടസ്സപ്പെടുത്തുവാനോ ഇടയാക്കുകയോ;

(ഡി) ഏതെങ്കിലും വ്യാപാരം, കച്ചവടം, സംരംഭം അല്ലെങ്കിൽ യാത്രാവാഹന ത്തെയോ സൗകര്യത്തെയോ തടസ്സപ്പെടുത്തുന്നതിനോ ബലമോ അക്രമമോ ഭീഷണിയോ ഉപയോഗിക്കുവാനോ അല്ലെങ്കിൽ അവ പൂർണ്ണമായോ ഭാഗികമായോ അടയ്ക്കുന്നതിനോ നിർത്തലാക്കുന്നതിനോ നിർബന്ധിക്കുവാനോ;

(ഇ) ഏതൊരു പൗരന്റെയും ജീവനോ സ്വാതന്ത്ര്യത്തിനോ സ്വത്തിനോ ഏതെങ്കിലും രീതിയിലുള്ള ഭീഷണിക്കോ ആശങ്കയ്ക്കോ അപകടസാധ്യതയ്ക്കോ അല്ലെങ്കിൽ ജീവന്റെയോ സ്വത്തിന്റെയോ നാശത്തിന് അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ വക വസ്തുവിന്റെ നാശനഷ്ടത്തിന് അല്ലെങ്കിൽ പൊതു സമാധാനത്തെയും ക്രമസമാധാനത്തെയും അപകടപ്പെടുത്തുന്നതിന് ഇടയാക്കുകയോ;

ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) പൊതുജനങ്ങളുടെ മൗലികാവകാശങ്ങളെ പ്രതികൂലമായി ബാധിക്കുന്ന പെരുമാറ്റത്തെയും പ്രവർത്തന രീതിയേയും സംസ്ഥാന സർക്കാർ യുക്തമായ എല്ലാ രീതിയിലും വിലക്കുകയോ തടയുകയോ ചെയ്യേണ്ടതാണ്.

5. ചില ഹർത്താലുകൾ സർക്കാർ നിരോധിക്കണമെന്ന്.—ഹർത്താലുകൾ, അവ ജന ജീവിതത്തിന് അവശ്യമായ വ്യാപാരത്തെയോ പ്രവർത്തനത്തെയോ നിർത്ത ലാക്കുന്നതിന് കാരണമാകുമ്പോൾ, മൂന്ന് ദിവസത്തെ നോട്ടീസ് നല്കപ്പെട്ടിട്ടുണ്ടെങ്കിൽ തന്നെയും, സംസ്ഥാന സർക്കാർ നേരിട്ടോ ഏല്പിക്കപ്പെട്ട മറ്റ് അധികാരസ്ഥാനം മുഖേനയോ ഫലപ്രദമായി നിരോധിക്കേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിനായി "ജന ജീവിതത്തിന് അവശ്യമായ വ്യാപാരമോ പ്രവർത്തനമോ" എന്നാൽ ആശുപത്രികൾ, ഹെൽത്ത് ക്ലിനിക്കുകൾ, മെഡിക്കൽ ഷോപ്പുകൾ, ഫാർമസി എന്നിവയും പാൽ, പത്രം, മീൻ, ജലം, ആഹാരം എന്നിവയുടെ വിതരണവും ആംബുലൻസുകളുടെയും ആശുപത്രി വാഹനങ്ങളുടെയും ഗതാഗതം, ഇന്ധന വിതരണം എന്നും, അതത് സമയം സർക്കാർ വിജ്ഞാപനം ചെയ്യാ വുന്ന അങ്ങനെയുള്ള മറ്റ് വ്യാപാരമോ പ്രവർത്തനമോ എന്നും അർത്ഥമാകുന്നു.

6. നിയമപരമായ അവകാശങ്ങൾ വിനിയോഗിക്കാൻ ആവശ്യമായ സഹായം പോലീസ് നൽകണമെന്ന്.—ഏതെങ്കിലും ആളുടെ നിയമപരമായ അവകാശങ്ങൾ ഹർത്താൽ സമയത്ത് വിനിയോഗിക്കുന്നത് ബലം പ്രയോഗിച്ചോ ബലം ഉപയോഗിക്കു മെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടോ ആരെങ്കിലും തടയുകയാണെങ്കിൽ, അങ്ങനെയുള്ള ആളുടെ അപേക്ഷയിന്മേൽ സംസ്ഥാന പോലീസും സംസ്ഥാനത്തിന്റെ മറ്റ് ക്രമസമാധാന അധികാരസ്ഥാനങ്ങളും അയാളുടെ അങ്ങനെയുള്ള അവകാശങ്ങളുടെ വിനിയോഗത്തിന് സഹായിക്കേണ്ടതാണ്.

7. കുറ്റവും ശിക്ഷയും.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഹർത്താൽ ആഹ്വാനം ചെയ്യുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപന ത്തിന്മേൽ, ആറ് മാസം വരെയാകുന്ന കാലയളവിലേക്കുള്ള തടവോ അല്ലെങ്കിൽ പതിനായിരം രൂപവരെയാകുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്ക പ്പെടേണ്ടതാണ്.

(2) ഹർത്താൽ ആണെന്ന കാരണത്താൽ മറ്റൊരാളെ അയാളുടെ ജോലിക്ക് ഹാജരാകുന്നതിൽ നിന്നോ ആശുപത്രിയോ ഹോട്ടലോ വിദ്യാഭ്യാസ സ്ഥാപനമോ ഇന്ധനം നൽകുന്ന സ്റ്റേഷനോ സന്ദർശിക്കുന്നതിൽ നിന്നോ ഗതാഗത സൗകര്യം ഉപയോഗിക്കുന്നതിൽ നിന്നോ ബലമായി തടയുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, ആറ് മാസം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ അല്ലെങ്കിൽ പതിനായിരം രൂപവരെയാകുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള എല്ലാ സഹായങ്ങളും പോലീസും മറ്റ് ഏജൻസികളും നൽകേണ്ടതും അങ്ങനെയുള്ള സഹായം ആവശ്യം വരുന്ന ഏതൊരാളെയും സഹായിക്കാൻ പോലീസോ അങ്ങനെയുള്ള മറ്റ് ഏജൻസിയോ വീഴ്ച വരുത്തുന്ന സംഗതിയിൽ അങ്ങനെയുള്ള വീഴ്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള കൃത്യവിലോപമായി കണക്കാക്കപ്പെടേണ്ടതും പതിനായിരം രൂപവരെ യാകുന്ന പിഴനൽകി ശിക്ഷിക്കപ്പെടേണ്ടതുമാണ്.

8. ജാമ്യം അനുവദിക്കുന്നതിനുള്ള ഉപാധികൾ.—(1) ഒരു ഹർത്താലിന്റെ ഭാഗമായോ അല്ലെങ്കിൽ ഒരു ഹർത്താലിന്റെ പേരിലോ ഏതെങ്കിലും ആൾ പൊതുമുതൽ നശിപ്പിക്കുന്ന സംഗതിയിൽ, യാതൊരു കോടതിയും, ആ കോടതി മുമ്പാകെ അങ്ങനെ യുള്ള റിപ്പോർട്ട് ഫയൽ ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻ തിട്ടപ്പെടുത്തിയ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ അങ്ങനെയുള്ള കോടതി താൽക്കാലികമായി തിട്ടപ്പെടു ത്തുന്ന അങ്ങനെയുള്ള വസ്തുവിന്റെ മൂല്യം അയാൾ നിക്ഷേപിക്കാത്തപക്ഷം, ബന്ധപ്പെട്ട പ്രതിക്ക് ജാമ്യം അനുവദിക്കാൻ പാടില്ലാത്തതാണ്.

(2) ഹർത്താലുമായി ബന്ധപ്പെട്ട കുറ്റങ്ങളിൽ പ്രതി കുറ്റക്കാരനല്ല എന്ന് കണ്ടെത്തുന്ന സംഗതിയിൽ, (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷേപിച്ച തുക തിരിച്ചു കൊടുക്കുവാൻ കോടതി ഉത്തരവാകേണ്ടതും, അങ്ങനെയുള്ള ഏതെങ്കിലും കുറ്റത്തിൽ പ്രതി കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും പിഴ ഒടുക്കുവാൻ ശിക്ഷിക്കുകയും ചെയ്യുന്ന സംഗതിയിൽ, അങ്ങനെ കോടതിയിൽ നിക്ഷേപിച്ച തുക പിഴ ഒടുക്കുന്നതിലേക്ക് ഉപയോഗിക്കേണ്ടതും ബാക്കി എന്തെങ്കിലുമുണ്ടെങ്കിൽ അത് പ്രതിക്ക് തിരിച്ചു കൊടുക്കേണ്ടതുമാണ്.

9. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്ത ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് ഏതെങ്കിലും ആൾക്കെതിരെ യാതൊരു വ്യവഹാരമോ ശിക്ഷാ നടപടിയോ മറ്റു നിയമനടപടിയോ നിലനിൽക്കുന്നതല്ല.

10. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനു ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, നിയമസഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലുദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്ന തിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം

ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളും ആഹ്വാനം ചെയ്യുന്ന ഹർത്താൽ പൊതുജീവിതത്തെ ദോഷകരമായി ബാധിക്കുന്നതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്യപ്പെട്ട ഒരുകൂട്ടം റിട്ട് ഹർജികളിൽ തീർപ്പുകൽപ്പിച്ചുകൊണ്ട് WP(C) 32529/2007 നമ്പർ റിട്ട് ഹർജിയിൽ 2014 ഡിസംബർ 29-ാം തീയതി പുറപ്പെടുവിച്ച വിധിന്യായത്തിൽ [2015(2) KLJ 442] 2008-ലെ സംസ്ഥാന നിയമ പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ശിപാർശ ചെയ്തിട്ടുള്ള കരട് ബിൽ പരിഗണിച്ചുകൊണ്ടും ഹർത്താലുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടും സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുവാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിക്കുകയും ഹർത്താൽ നിയന്ത്രണത്തിനായി ഒരു നിയമ നിർമ്മാണം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, ജീവനും സ്വത്തിനും ഉണ്ടാകാവുന്ന വിനാശത്തിനോ നാശനഷ്ടത്തിനോ ഉള്ള നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി ഹർത്താൽ സംഘടിപ്പിക്കുന്നവർ ഈടായി നിക്ഷേപിക്കേണ്ട തുകയും തുക നിക്ഷേപിക്കേണ്ട രീതിയും നിർണ്ണയിക്കുവാൻ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 5-ാം ഖണ്ഡം, ആക്റ്റിൽ വ്യക്തമാക്കിയവ കൂടാതെ "ജന ജീവിതത്തിന് ആവശ്യമായ വ്യാപാരമോ പ്രവർത്തനമോ" ഏതെല്ലാമാണെന്ന് വിജ്ഞാപനം ചെയ്യുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 10-ാം ഖണ്ഡം, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ഏതുകാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കുകയോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയോ ചെയ്യാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ അല്ലെങ്കിൽ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

രമേശ് ചെന്നിത്തല.